"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഭാഗ്യക്കുറി വകുപ്പിന്റെ വടകര സബ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.518/2025/TAXES തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:- 1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 31.05.2024 ലെ SLTY/ 137/2024-MOD INFRA1 SL നമ്പർ കത്ത്

2. 27.02.2025-ലെ സ.ഉ.(സാധാ)നം.177/2025/ടാക്സസ്

**<u>ഉത്തരവ്</u>**

സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള വിവിധ ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ മുകളിലത്തെ നിലകളിൽനിന്നും താഴത്തെ നിലകളിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുമെന്ന ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ 2024-25-ലെ ബഡ്ജറ്റ് പ്രസംഗത്തിന് തുടർച്ചയായി ഇത്തരത്തിലുള്ള 21 ജില്ലാ-സബ് ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് പരാമർശം (2) പ്രകാരം തത്വത്തിൽ അനുമതി നല്കിയിരുന്നു.

2. കോഴിക്കോട് ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന്റെ വടകര സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനതിനായി BSNL-ന്റെ ഉടമസ്ഥതയിലുള്ള 1403 ചതുരശ്ര അടി കെട്ടിടം കണ്ടെത്തിയിട്ടുണ്ടെന്നും ടി കെട്ടിടത്തിന് പ്രതിമാസം, ചരക്ക് സേവന നികുതി ഉൾപ്പെടെ, ₹42,480/- (നാല്പത്തി രണ്ടായിരത്തി നാനൂറ്റി എൺപത് രൂപ മാത്രം) വാടകയും ഓരോ വർഷവും 5% വാടക വർദ്ധനവുമാണ് BSNL ആവശ്യപ്പെട്ടിട്ടുള്ളതെന്നും ടി വ്യവസ്ഥ അംഗീകരിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ വടകര സബ് ഓഫീസ് ടി കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഭരണാനുമതി നല്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന്റെ വടകര സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി BSNL-ന്റെ ഉടമസ്ഥതയിലുള്ള 1403 ചതുരശ്ര അടി കെട്ടിടം ചരക്ക് സേവന നികുതി ഉൾപ്പെടെ പ്രതിമാസം ₹42,480/- (നാല്പത്തി രണ്ടായിരത്തി നാനൂറ്റി എൺപത് രൂപ മാത്രം) നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും ഓരോ വർഷവും 5% നിരക്കിൽ വടക വർദ്ധനവ് വരുത്തുന്നതിനും ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ K
ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (25.03.2025, 03.06.2025-ലെ 3077650/Exp.-B1/138/2025-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ (TAXES-H1/169/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 04-06-2025 09:54:17
സെക്ഷൻ ഓഫീസർ